"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)-യുടെ അനുബന്ധ സ്ഥാപനമായ കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയ നടപടി - സാധൂകരിച്ച്- ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.715/2026/LSGD  തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. സ.ഉ.(എം.എസ്സ്) നം.176/2010/എൽ എസ് ജി ഡി, തീയതി 13/08/2010
2. സ.ഉ.(എം.എസ്സ്)നം.42/2017/തസ്വഭവ, തീയതി 20/02/2017
3. 28/03/2025 -ലെ തസ്വഭവ-ഐ.ബി1/280/2020-തസ്വഭവ നമ്പർ സർക്കാർ കത്ത്
4. ക്രൂസ് സെക്രട്ടറിയുടെ 18/11/2020, 01/08/2023, 17/10/2023, 30/10/2024, 05/08/2025 തീയതികളിലെ എ/167/2020 നമ്പർ കത്തുകൾ.

ഉത്തരവ്

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ (ക്രൂസ്) അനുബന്ധ സ്ഥാപനമായ കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ സ്റ്റാഫ് പാറ്റേൺ പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ച് നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ അനുവാദം ലഭിച്ചിട്ടുള്ള തസ്തികകളിൽ ക്രൂസിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം നിയമനങ്ങൾ, പ്രൊമോഷനുകൾ തുടങ്ങിയവ ക്രൂസ് ഡയറക്ടർ ബോർഡിന് നടത്താവുന്നതാണ്. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം ക്രൂസ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരമുള്ള ഡയറക്ടർ ബോർഡിന്റെ നിയമനാധികാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് നിയമനങ്ങൾക്കും പ്രൊമോഷനുകൾക്കും സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

(2) പരാർമർശം (3) പ്രകാരം സർക്കാർ അനുവാദം കൂടാതെ ക്രൂസ് സ്വമേധയാ നടത്തിയ പ്രൊമോഷൻ നടപടി റദ്ദ് ചെയ്തിരുന്നു. സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ സ്ഥാനക്കയറ്റം നൽകിയ നടപടി അംഗീകരിച്ച് നൽകണമെന്നും ഉയർന്ന തസ്തികയിലുള്ള ജീവനക്കാർ റിട്ടയർ ചെയ്ത് പോയതിനാലും തദ്ദേശ സ്വയംഭരണ ഇലക്ഷൻ സംബന്ധിച്ച അച്ചടി ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട സാഹചര്യവും കണക്കിലെടുത്താണ് പ്രൊമോഷൻ നടപടികൾ ചെയ്തത് എന്നതും പരിഗണിച്ച് നൽകിയ പ്രമോഷൻ

നടപടികൾ അംഗീകരിച്ച് നൽകണമെന്ന് ക്രൂസ് സെക്രട്ടറി പരാമർശം (3) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമലക്ഷ്മി മുദ്രാലയം നാളിതു വരെ ലാഭത്തിലാണ് പ്രവർത്തിച്ചതെന്നും ശമ്പളവും മറ്റെല്ലാ ആനുകൂല്യങ്ങളും മുദ്രാലയത്തിന്റെ തനതു ഫണ്ടിൽ നിന്നാണ് നല്കി വരുന്നതെന്നും ക്രൂസ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ജീവനക്കാരുടെ സ്ഥാനക്കയറ്റം മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം നൽകുന്നതിനോടൊപ്പം ക്രൂസ് ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം മാനേജിംഗ് ഡയറക്ടർ നടത്തിയ ചുവടെ പറയുന്ന 11 ജീവനക്കാരുടെ പ്രൊമോഷൻ നടപടികൾ സാധൂകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ചുമതല വഹിച്ചിരുന്ന തസ്തിക | സ്ഥാനക്കയറ്റം നൽകിയ തസ്തിക |
|---|---|---|---|
| 1 | പി.രാജൻ | പ്രിന്റിംഗ് സൂപ്പർവൈസർ | പ്രൊഡക്ഷൻ മാനേജർ |
| 2 | കെ.വിശ്വനാഥൻ | ഓഫ്സെറ്റ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I | പ്രിന്റിംഗ് സൂപ്പർവൈസർ |
| 3 | എം. ജയകൃഷ്ണൻ | ബൈന്റർ ഗ്രേഡ് II | ബൈന്റർ ഗ്രേഡ് I |
| 4 | സി.പി.ചന്ദ്രശേഖരൻ | ബൈന്റർ ഗ്രേഡ് II | ബൈന്റർ ഗ്രേഡ് I |
| 5 | പി.റ്റി.രാമചന്ദ്രൻ | യു.ഡി.ക്ലാർക്ക് | അക്കൗണ്ടന്റ് |
| 6 | വി.ഹരിദാസ് | സ്റ്റോർ കീപ്പർ ഗ്രേഡ് II/എൽ.ഡി.ക്ലാർക്ക് | യു.ഡി.ക്ലാർക്ക് |
| 7 | കെ.ജി.രാജേഷ് | എൽ.ഡി. ക്ലാർക്ക് | യു.ഡി.ക്ലാർക്ക് |
| 8 | മോഹനകൃഷ്ണൻ ഉണ്ണി | സ്റ്റോർ കീപ്പർ ഗ്രേഡ് I/യു.ഡി.ക്ലാർക്ക് | അക്കൗണ്ടന്റ് |
| 9 | കെ.സുഭാഷ് | എൽ.ഡി.ക്ലാർക്ക് | സ്റ്റോർ കീപ്പർ ഗ്രേഡ് I/യു.ഡി. ക്ലാർക്ക് |
| 10 | പി. ആൽഡ്രിൻ ഡേവിഡ് | ഓഫ്സെറ്റ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I | പ്രിന്റിംഗ് സൂപ്പർവൈസർ |
| 11 | എൻ.സുനിൽകുമാർ | ബൈന്റർ ഗ്രേഡ് I | ചാർജ്മാൻ ബൈന്റിംഗ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി,

തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((ഇ & ആർ.എസ്.എ/ ജി&എസ്.എസ്.എ),
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂമീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 13-03-2026 10:17:44

സെക്ഷൻ ഓഫീസർ